# ചാറ്റൽമഴ

2019-20

DIGITEL MAGAZINE

G H S VANMUGHAM

# ആമുഖം

വൻമുഖം ഗവ:ഹൈസ്‌ക്കൂളിലെ വിദ്യാർത്ഥികൾ
എഴുതിയ പതിനെട്ടോളം കൊച്ചുകവിതകളാണ്
'ചാറ്റൽമഴ'യിലുള്ളത് കുരുന്നുഭാവനകളെ കണ്ടെ
ത്തുക ,പോഷിപ്പിക്കുക എന്ന ദൗത്യത്തിന്റെ ഭാഗ
മായുള്ള പ്രവർത്തനമാണിത്.ഊഷരമായ നമ്മുടെ
വർത്തമാന കാലത്തിലേക്ക്പെയ്തിറങ്ങുന്ന ഒരു
ചാറ്റൽമഴയുടെ സ്നേഹസ്പർശംമാണിത്.

# ഉള്ളടക്കം


| കവിതകൾ | പേജ് |
|---|---|
| മഴ വില്ല്........................... | 1 |
| മഴ...................................... | 2 |
| മണ്ണ്.................................... | 3 |
| പെരുമഴയത്ത് ................... | 4 |
| പൂമ്പാറ്റ ............................... | 5 |
| പൂക്കൾ................................. | 6 |
| പുതിയ കുട........................... | 7 |
| ഗ്രാമം.................................... | 8 |
| കുയിൽ.................................. | 9 |

കുട്ടിക്കാലം...........10
കുട്ടിക്കാലം...........11
ഓർമ്മ..................12
ആരുണ്ട്...............13
അമ്മ....................14
അമ്പിളി................15
അപ്പു................... 16
നക്ഷത്രം....................17
മിന്നാമിനുങ്ങ്...............18

## മഴ വില്ല്

ഏഴുനിറത്തിൽ  ചാലിച്ച്
വിണ്ണിൽ കാണുവതെന്താണ് ?
പുഞ്ചിരിതൂകി കളിയാടി
എന്നെ നോക്കുവതാരാണ് ?
കാറ്റുമെല്ലെ വീശുമ്പോൾ
തണുത്തിടല്ലേ  നിൻദേഹം.

# മഴ

മഴവന്നെത്തി ആകാശത്തിൽ
ഒപ്പം വന്ന ഇടിയും മിന്നും
കിണറുനിറഞ്ഞു പുഴകൾ നിറഞ്ഞു
മുറ്റം നിറയെ മഴവെള്ളം
കൂടിക്കൂടി കളിവഞ്ചികളും
കൂടിക്കൂടി കളിചിരിയും

മണ്ണ്

ഞാൻ ജനിച്ച മണ്ണിത്
എന്റെ സ്വന്തം മണ്ണിത്
മണണിലെന്റെ വീട്
മണ്ണിൽ പള്ളിക്കൂടം
മണ്ണിൽ ഞാൻമക്കളിക്കും
മണ്ണിൽ ഞാൻ നടക്കും
മണ്ണലാണ്ജന്മം
മണ്ണിൻ മണമിഷ്ട്ടം
മണ്ണിലെന്റെ വൃക്ഷം
മണ്ണിലെന്റെ വെള്ളം
മണ്ണിലാണ് ഞാനും
മണ്ണിലാണു നീയും

# പെരുമഴയത്ത്

മഴ കണ്ട് ആസ്വദിച്ചാൽ പോരാ
പെരുമഴയത്ത് കുടയില്ലാതെ മഴ നനയണം.
പൂവിന്റെ മണം ആസ്വദിച്ചാൽ പോരാ
ഇടയ്ക്ക് മുള്ളിന്റെ നോവറിയണം.

# പൂമ്പാറ്റ

പൂന്തേനുണ്ണും  പൂമ്പാറ്റ
പൂമ്പൊടി പൂശും പൂമ്പാറ്റ
ഓരോ പൂവും തേടിനടന്ന്
പുഞ്ചിരിതൂകും പൂമ്പാറ്റ
നിന്നെക്കാണാൻ  എന്തഴക്!
നിന്നെക്കാണാനേഴഴക്
മഴവില്ലാണോ നിൻദേഹം
വിണ്ണിൽ പാറും പൂമ്പാറ്റ...

# പൂക്കൾ

ചുവപ്പുനിറത്തിൽ ചെമ്പരത്തി
മഞ്ഞനിറത്തിൽ  മുക്കുറ്റി
റോസുനിറത്തിൽ റോസാപ്പൂ
നീലനിറത്തിൽ  കാക്കപ്പൂ
വെള്ളനിറത്തിൽ  മുല്ലപ്പൂ
പലപലനിറമാം പല പൂക്കൾ

# പുതിയ കുട

എനിക്കു കിട്ടീ പുതിയ കുട
പുള്ളിപ്പുള്ളി പുതിയ കുട
പെരുമഴയത്തോ പുതിയകുട
പെരുവെയിലത്തോ പുതിയ കുട
കാറ്റും മഴയും വന്നാലോ
പാറിപ്പോകും പുതിയ കുട

# ഗ്രാമം

പച്ചവിരിച്ചൊരെൻ നല്ല ഗ്രാമം
കിളികൾ ചിലയ്ക്കും നല്ല ഗ്രാമം
പിഴയും കുളവും നിറഞ്ഞുനിൽക്കും
പൂമ്പാറ്റ പാറിട്ടുമെന്റെ ഗ്രാമം
സ്നേഹം വിരിയുന്ന എന്റെ ഗ്രാമം
എത്ര മനോഹരമെന്റെ ഗ്രാമം

കുയിൽ

കുയിലിന്റെ
ഭംഗിയാർന്ന സ്വരം കേട്ടു
ഞാൻ കവിത എഴുതി.
പക്ഷെ
അത് അറിയുന്നില്ല,
ഞാൻ എഴുതുന്നത്.

# കുട്ടിക്കാലം

അന്നുഞാനും കൂട്ടുകാരും
മണ്ണപ്പം ചുട്ടു കളിച്ചനേരം
മാനം കറുത്തു മഴത്തുള്ളി വീണു
കൂട്ടരുമൊത്തു വീട്ടിൽ കയറി
മുറ്റത്തുവെള്ളം കുത്തിയൊലിച്ചു
കടലാസുതോണി വെള്ളത്തിലിട്ടു.

## കുട്ടിക്കാലം

കുട്ടിക്കാലത്ത്
ഞാൻ ആഗ്രഹിച്ചു
പൂ വിരിയും പോലെ
വിരിഞ്ഞെങ്കിൽ?
പിന്നെയാണ് അറിഞ്ഞത്
പൂ വിരിയു പോലെ
എന്റെ മനസ്സ് വിരിയുന്നു എന്ന്

# ഓർമ്മ

കുട്ടിക്കാലത്ത്
ഞാൻ ഓർക്കുമായിരുന്നു
പറവകളുടെ കൂടെ
പറക്കണമെന്ന്.
പക്ഷെ,
ഇന്നെനിക്ക് മനസ്സിലായി
എന്റെ മനസ്സ്
നക്ഷത്രങ്ങളുടെ കൂട്ടിലാണെന്ന്.

ആരുണ്ട്?

മഴയ്ക്കു കൂട്ടായ് മഴവില്ലുണ്ടേ
പൂവിനു കുട്ടായ് പൂമ്പറ്റയുണ്ടേ
പുഴയ്ക്കു കുട്ടായ് തോണിയുണ്ടേ
സൂര്യനു കൂട്ടായ് അമ്പിളിയുണ്ടേ
വീടിനു കൂട്ടായ് ഞാനുണ്ടേ
എനിക്കു കുട്ടായ് ആരുണ്ട്?

# അമ്മ

അമമ നല്ല  അമ്മ
സ്നേഹമുള്ള അമ്മ
പാലുതരും അമ്മ
അചഛനെന്നെ തല്ലുമ്പോൾ
ഓടിവരും അമ്മ
കവിളിൽ നല്ല ചക്കരമുത്തം
തന്നുമയക്കും അമ്മ

# അമ്പിളി

മാനത്തെത്തി എന്റെ മാമൻ
എന്റെ   അമ്പിളി അമ്മാവൻ
മുഖത്തുനോക്കി  പുഞ്ചിരിച്ചു
സ്നേഹമുള്ളൊരമ്മാവൻ.

## അപ്പു

അപ്പു  അപ്പു നീയെവിടെ
അപ്പം തിന്നാൻ വാ ഇവിടെ
നെയ്യപ്പമുണ്ടേ കുയ്യപ്പമുണ്ടേ
അപ്പു  അപ്പു  നീ വായോ....